**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5030** **04-07-2024 - ൽ മറുപടിയ്ക്ക്**

**വ്ലാത്താങ്കര-ചെങ്കൽ തീർത്ഥാടന ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ വ്ലാത്താങ്കര, ചെങ്കൽ എന്നീ സ്ഥലങ്ങളിൽ തീർത്ഥാടന ടൂറിസവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | വിനോദസഞ്ചാര വകുപ്പ് നെയ്യാറ്റിൻകര മണ്ഡലത്തിലെ തീർത്ഥാടന ടൂറിസത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പദ്ധതികളാണ് “പിൽഗ്രിം ടൂറിസം ഡെവലപ്മെന്റ് അറ്റ് സ്വർഗ്ഗാരോപിത മാതാ ചർച്ച്”, “ഡെവലപ്മെന്റ് ഓഫ് ടൂറിസം അറ്റ് ദക്ഷിണ കൈലാസം മഹേശ്വരൻ ശിവപാർവ്വതി ടെമ്പിൾ" എന്നിവ. ടി പദ്ധതികൾ നടപ്പിലാക്കുന്നത് M/s.ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് മുഖേനയാണ്. 2019-20 കാലഘട്ടത്തിലാണ് ഈ പദ്ധതികൾ ആരംഭിച്ചത് . കോവിഡ് മഹാമാരി മൂലവും ചില സാങ്കേതിക കാരണങ്ങളാലും ടി പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടു.ടി പദ്ധതികൾ താമസംവിനാ പൂർത്തീകരിക്കുന്നതിന് M/s.ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലങ്ങളിൽ ഏതൊക്കെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (ബി) | ചെങ്കൽ ദക്ഷിണ കൈലാസം ശിവ പാർവ്വതി ക്ഷേത്രത്തിൽ വരുന്ന വിനോദസഞ്ചാരികളുടെയും ഭക്തരുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ അമിനിറ്റി സെന്റർ, കൂത്തമ്പലം, ലാന്റ്സ്കേപ്പിംഗ് ആൻഡ് സോളാർ ലൈറ്റിംഗ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നിലവിൽ അമിനിറ്റി സെന്ററിന്റെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.<br><br>തീർത്ഥാടന ടൂറിസത്തിന്റെ സാധ്യത കണക്കിലെടുത്ത് വ്ലാത്താങ്കര സ്വർഗ്ഗാരോപിത മാതാ ചർച്ചിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി മൾട്ടിപർപ്പസ് ഹാൾ, എ.ടി.എം, ഷോപ്സ് എന്നിവ ഉൾപ്പെടുന്ന അമിനിറ്റി സെന്റർ നിർമ്മിക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശം. നിലവിൽ അമിനിറ്റി സെന്ററിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ